വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി തദ്ദേശീയ പ്രധാന്യം ഉൾക്കൊണ്ടു കൊണ്ട് പരിഷ്ക്കരിക്കാൻ ഇപ്പോൾതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. 10-ാം തരംവരെ ഉള്ള പരിഷ്ക്കരണം പൂർത്തിയായി. 11-ാം തരത്തിലേയ്ക്കും 12-ാം തരത്തിലേയ്ക്കും പരിഷ്ക്കരണം ഇപ്പോൾ നടന്നുവരികയാണ്. കോളേജുകളുടെ കരിക്കുലം പരിഷ്ക്കരിക്കുന്ന സമയത്തും ഈ കാര്യം യൂണിവേഴ്സിറ്റികൾ ശ്രദ്ധിക്കാറുണ്ട്.

(ബി) സ്വീകരിക്കും.

(സി) ഡിസാസ്റ്റർ മാനേജ്മെന്റ് പഠനം സാമൂഹ്യശാസ്ത്രത്തിന്റെ ഭാഗമായി ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോ റിഫോംസ് കമ്മിറ്റി ശുപാർശകൾ

1. [1331] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോ റിഫോംസ് കമ്മിറ്റി സമർപ്പിച്ച ശുപാർശകളിൽ ഏതൊക്കെയാണ് സർക്കാർ നടപ്പാക്കിയത് എന്ന് വ്യക്തമാക്കുമോ;

(ബി) കാലഹരണപ്പെട്ട എത്ര നിയമങ്ങൾ റദ്ദാക്കാനും പരിഷ്ക്കരിക്കുന്നതിനും കമ്മിറ്റി നിർദ്ദേശം നൽകി എന്ന് അറിയിക്കുമോ;

(സി) ലോ റിഫോംസ് കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നിശ്ചയിച്ച ലോ റിഫോംസ് കമ്മിറ്റി 30-11-2002-ൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ, കേരളത്തിൽ നിലവിലുള്ള നിയമങ്ങളിൽ കാലഹരണപ്പെട്ടവ ഒഴിവാക്കാനുള്ള ഒരു കരടു നിയമവും, നിക്ഷേപ സൗഹൃദവും വികസന സൗഹൃദവും നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള 16 പുതിയ കരടു നിയമങ്ങളും 9 ഭേദഗതി കരടു നിയമങ്ങളും ഉൾപ്പെടുത്തിയിരുന്നു. ഇതിൽ റിപ്പോർട്ടിലെ കേരള ബിൽഡിംഗ്സ് ലീസ് ബിൽ, കേരള ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (പ്രൊഹിബിഷൻ ഓഫ് ഒബ്സ്ട്രക്റ്റീവ് പ്രാക്റ്റീസസ്) ബിൽ, കേരള ലേബർ അതോറിറ്റി ബിൽ, കേരള ലാന്റ് യൂസ് ബിൽ, കേരള (പ്രൊഹിബിഷൻ ഓഫ് സ്മോക്കിംഗ് ആന്റ് പ്രൊട്ടക്ഷൻ ഓഫ് നോൺ സ്മോക്കേഴ്സ് ഹെൽത്ത്) ബിൽ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ ഒഴിച്ചുള്ള കരടു നിയമങ്ങൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും, കേരള സ്റ്റാമ്പ് (ഭേദഗതി) ബിൽ പാസാക്കി നടപ്പിൽവരുത്തി. കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ബിൽ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, കേരള മുൻസിപ്പാലിറ്റി (ഭേദഗതി) ബിൽ, കേരള റിപ്പീലിംഗ് ആന്റ് അമെന്റിംഗ് ബിൽ, കേരള ഭൂ പരിഷ്ക്കരണ (ഭേദഗതി) ബിൽ എന്നീ ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് ബില്ലുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ പരിഗണനയിലാണ്.

(ബി) നിയമ പരിഷ്കരണ സെൽ കമ്മിറ്റി സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ 697 നിയമങ്ങൾ നിയമ പുസ്തകത്തിൽനിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. ഇതിലേക്ക് ഒരു ബിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനാറ് പുതിയ നിയമങ്ങളും ഒമ്പത് ഭേദഗതി നിയമങ്ങളും നിയമ പരിഷ്ക്കരണത്തിന്റെ ഭാഗമായി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

(സി) പിരിവ് (എ)-യുടെ ഉത്തരത്തിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ചാത്തന്നൂർ താലൂക്ക് രൂപീകരിക്കാൻ നടപടി

2 [1332] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം താലൂക്കുകൾ പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) ഈ പുനഃസംഘടനയിൽ കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ബി) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ് സുന്ദരേശനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. എന്നാൽ ഫോർവേഡ് മാർക്കറ്റ്സ് കമ്മീഷൻ ചെയർമാനായി നിയമിതനായതിനാൽ അദ്ദേഹത്തിന് റിപ്പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞില്ല. പുതിയ കമ്മീഷനെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly